ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dairydirector05@yahoo.co.in
dddtvm@gmail.com

നം.സി2/5844/2015 തീയതി, 16-06-2015

## സർക്കുലർ നം.13/2015

വിഷയം: ക്ഷീരവികസന വകുപ്പ് - ക്ഷീരസഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം കൂടുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 2013-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമം, ചട്ടം എന്നിവ.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 29 പ്രകാരം സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം ഒരു സാമ്പത്തിക വർഷാവസാനത്തെ തുടർന്ന് 6 മാസത്തിനുള്ളിൽ കൂടിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. നിലവിൽ ഉണ്ടായിരുന്ന വ്യവസ്ഥകൾക്ക് പുറമേ താഴെ പറയുന്നവ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് മേൽസൂചന പ്രകാരം നിയമം ഭേദഗതി ചെയ്തിരിക്കുന്നത്.

1. സംഘം നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ സംഘം ഭരണസമിതി തയ്യാറാക്കിയിരിക്കുന്ന ബഡ്ജറ്റ് ചർച്ച ചെയ്ത് അംഗീകരിക്കുക.
2. തെരഞ്ഞെടുപ്പ് പൊതുയോഗം കൂടുന്നതിന്റെയും തെരഞ്ഞെടുപ്പ് നടത്തുന്നതിന്റെയും തീയതികൾ സംബന്ധിച്ച് പ്രഖ്യാപനം നടത്തുക.
3. ആഡിറ്റ് റിപ്പോർട്ടും, ആയതിന്റെ തുടർനടപടികളുടെ ഭരണ സമിതി റിപ്പോർട്ടും വാർഷിക റിപ്പോർട്ടും പരിഗണിക്കൽ
4. സംഘത്തിന്റെ പ്രവർത്തന നഷ്ടവും അത് കുറയ്ക്കുന്നതിനുള്ള പദ്ധതികളും അവലോകനം നടത്തുക.
5. ഭരണസമിതി തയ്യാറാക്കിയ വരുംവർഷത്തേയ്ക്കുള്ള സംഘത്തിന്റെ പ്രവർത്തനപദ്ധതി അംഗീകരിക്കുക.
6. സംഘത്തിന് വകുപ്പ് 14എ, 14ബി എന്നിവ പ്രകാരം ഉള്ള ഏതെങ്കിലും സബ്സിഡിയറി സ്ഥാപനങ്ങൾ ഉണ്ട് എങ്കിൽ ആയതിന്റെ വാർഷിക റിപ്പോർട്ടും കണക്കുകളും അവലോകനം ചെയ്യുക.
7. നിയമാവലി ഭേദഗതി
8. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് ഏതെങ്കിലും വിവരങ്ങൾ
9. അറ്റലാഭ വിഭജനം
10. സംഘം നിയമാവലിയ്ക്ക് അനുസൃതമായി പരിഗണിക്കപ്പെടേണ്ട ഏതെങ്കിലും വിഷയങ്ങൾ ഉണ്ട് എങ്കിൽ ആയതു പരിഗണിക്കുക.

ആയതിനാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സെപ്റ്റംബർ മാസം മുപ്പതാം തീയതിയ്ക്ക് മുൻപായി ക്ഷീരസഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ സംഘങ്ങൾക്കും സഹകാരികൾക്കും അറിയിപ്പ് നൽകാൻ എല്ലാ രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർമാരും നടപടി സ്വീകരിക്കേണ്ടതാണ്.

എം.എൽ.22-06.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 29 (4) പ്രകാരം വാർഷിക പൊതുയോഗം നിശ്ചിത സമയത്തിനുള്ളിൽ നടത്താത്തതിന്റെ ഉത്തരവാദി ഭരണസമിതി അംഗങ്ങൾ ആണ് എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അവരെ ഭരണസമിതിയിൽ തുടരുന്നതിൽ നിന്നും നിയമപ്രകാരം അയോഗ്യത കല്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന വിവരവും എല്ലാ സംഘങ്ങളെയും സഹകാരികളെയും അറിയിക്കേണ്ടതും ആണ്.

ഇപ്രകാരം പൊതുയോഗം കൂടാത്ത സംഘങ്ങളുടെ വാർഷിക പൊതുയോഗം വകുപ്പ് 29(1) പ്രകാരം ഉള്ള സമയപരിധിക്ക് ശേഷം തൊണ്ണൂറ് (90) ദിവസങ്ങൾക്കുള്ളിൽ രജിസ്ട്രാറോ, രജിസ്ട്രാറുടെ പ്രതിനിധിയോ വിളിച്ചു കൂട്ടിയിരിക്കണം എന്നും വകുപ്പ് 29 (3) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും ഓർമ്മപ്പെടുത്തുന്നു.

1969-ലെ കേരള സഹകരണനിയമം ചട്ടം 8 (എ) പ്രകാരം പൂർണ്ണമായ 15 ദിവസത്തെ നോട്ടീസ് പൊതുയോഗത്തിന് നൽകിയിരിക്കേണ്ടതാണ്. ചട്ടം 9-ൽ ഉള്ള വ്യവസ്ഥകൾ പ്രകാരം ആയിരിക്കണം നോട്ടീസ് വിതരണം നടത്തേണ്ടത് എന്നും ഓർമ്മപ്പെടുത്തുന്നു.

രജിസ്ട്രാറുടെ പ്രതിനിധി എന്ന നിലയിൽ പരമാവധി പൊതുയോഗങ്ങളിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ, ക്ഷീരവികസന ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസർ/ അസിസ്റ്റന്റ് ഡയറക്ടർ, ടെക്നിക്കൽ സെൽ എന്നിവർ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതും ആണ്.

കെ.റ്റി.സരോജിനി
ക്ഷീരസഹകരണസംഘം രജിസ്ട്രാർ /ഡയറക്ടർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:

1. എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
2. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
3. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വകുപ്പുതല വെബ്സൈറ്റിൽ പ്രസിദ്ധം ചെയ്യുന്നതിനായി)
4. സി.ഡ്.ജി. സെക്ഷൻ സൂപ്രണ്ടുമാർക്ക് (അറിവിനായി)
5. ഡി1, ഡി2, ഡി3, ജി1, ജി2 സീറ്റുകൾക്ക് (അറിവിനായി)
6. പ്രോജക്ട് സെൽ/ ടെക്നിക്കൽ സെൽ (അറിവിനായി)
7. സ്റ്റോക്ക് ഫയൽ
8. സ്പെയർ

എം.എൽ.22-06.